**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2210** **14-10-2024 - ൽ മറുപടിയ്ക്ക്**

**അനർഹമായി മുൻഗണനാ റേഷൻകാർഡുകൾ കൈവശം വയ്ക്കുന്നത്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് മുൻഗണനാ റേഷൻ കാർഡുകളുടെ എണ്ണം വർദ്ധിപ്പിക്കാൻ കഴിയാത്ത സാഹചര്യം നിലവിലുണ്ടോ; വിശദാംശം വ്യക്തമാക്കുമോ; | (എ) | ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 പ്രകാരം കേന്ദ്രസർക്കാർ സംസ്ഥാനത്തിന്റെ മുൻഗണനാ ഒഴിവുകളുടെ എണ്ണം 1,54,80,040 അംഗങ്ങൾ ആയി നിജപ്പെടുത്തിയിട്ടുണ്ട്. ആയത് ആകെ ജനസംഖ്യയുടെ 46.34% ആണ്. 2011-ലെ സെൻസസ് വിശദാംശങ്ങൾ പ്രകാരമാണ് പ്രസ്തുത ഒഴിവുകൾ നിശ്ചയിച്ച് നൽകിയിട്ടുള്ളത്. ആയതിനു ശേഷം ജനസംഖ്യ വർദ്ധനവിന് ആനുപാതികമായി നാളിതുവരെയായി മുൻഗണനാ പരിധി കേന്ദ്രസർക്കാർ വർദ്ധിപ്പിച്ച് നൽകിയിട്ടില്ല. ഒഴിവുകൾ പരിമിതമായതിനാൽ അർഹരായ എല്ലാ കുടുംബങ്ങൾക്കും സമയബന്ധിതമായി മുൻഗണനാ റേഷൻ കാർഡുകൾ അനുവദിക്കുവാൻ കഴിയാത്ത സാഹചര്യമുണ്ട്. എന്നിരുന്നാലും പരിശോധനയിലൂടെയും മറ്റും അനർഹരെ ഒഴിവാക്കുന്ന മുറയ്ക്ക് പ്രസ്തുത ഒഴിവുകളിൽ അർഹരെന്നു കണ്ടെത്തുന്നവരെ ഉൾപ്പെടുത്തി മുൻഗണനാ റേഷൻ കാർഡുകൾ അനുവദിച്ചു വരുന്നുണ്ട്. |
| (ബി) | ഇപ്പോഴും അനർഹമായി മുൻഗണനാ റേഷൻ കാർഡുകൾ കൈവശം വച്ച് ദുരുപയോഗം ചെയ്യുന്നവരെ കണ്ടെത്തി ഒഴിവാക്കുന്നതിനുള്ള എന്തൊക്കെ നടപടികളാണ് സ്വീകരിച്ച് വരുന്നത് വിശദാംശം വ്യക്തമാക്കാമോ; | (ബി) | പി.ഡി.എസ്. കൺട്രോൾ ഓർഡർ 2015 ക്ലോസ് 13 പ്രകാരം മുൻഗണനാ പട്ടികയുടെ ശുദ്ധീകരണം തുടർ പ്രക്രിയയാണ്. മുൻഗണനാ വിഭാഗത്തിലെ സ്വമേധയാ സറണ്ടർ ചെയ്ത കാർഡുകൾക്ക് പുറമേ നേരിട്ടും ടെലിഫോൺ മുഖേനയും ലഭിക്കുന്ന പരാതികളിൻമേൽ ബന്ധപ്പെട്ട താലൂക്ക് സപ്ലൈ/ സിറ്റി റേഷനിംഗ് ഓഫീസർമാരും, റേഷനിംഗ് ഇൻസ്പെക്ടർമാരും ഫീൽഡ്തല പരിശോധന നടത്തി അനർഹമാണെന്നു കണ്ടെത്തുന്ന മുൻഗണനാ കാർഡുകളും പിഴ ഈടാക്കിക്കൊണ്ട് പൊതുവിഭാഗത്തിലേയ്ക്ക് മാറ്റി വരുന്നു.<br><br>ഇതര വകുപ്പുകളുടെ ഡാറ്റയുമായി ആർ.സി.എം.എസ്. ഡാറ്റ വിശകലനം ചെയ്തും ബയോമെട്രിക് ഓതന്റിക്കേഷൻ വഴിയും ഒരംഗം |

| | | | |
|---|---|---|---|
| | | | മാത്രമുള്ള എ.എ.വൈ കാർഡുകളും ആധാർ ലിങ്ക് ചെയ്യാത്ത മുൻഗണനാ കാർഡുകളും പരിശോധനയ്ക്ക് വിധേയമാക്കിയും അനർഹരെ കണ്ടെത്തി പട്ടികയിൽ നിന്നും ഒഴിവാക്കി അർഹരായവർക്ക് അവസരമുറപ്പാക്കുന്ന നടപടികൾ തുടർന്ന് വരുന്നുണ്ട്.<br><br>മുൻഗണനാ വിഭാഗത്തിലെ കൂടുതൽ അനർഹരെ കണ്ടെത്തുന്നതിലേക്കായി OPERATION YELLOW എന്ന പേരിൽ ഒരു പരിശോധനാ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ടി പദ്ധതി പ്രകാരം അനർഹമായി മുൻഗണനാ റേഷൻ കാർഡുകൾ കൈവശം വയ്ക്കുന്നവരുടെ പേര് വിവരങ്ങൾ അറിയിക്കുവാൻ പൊതുജനങ്ങൾക്ക് അവസരം നൽകിയിട്ടുണ്ട്. ആയതിലേക്ക് 1987, ടോൾ ഫ്രീ (1800-425-1550), വാട്സ് ആപ്പ് (9188527301) നമ്പരുകൾ പ്രയോജനപ്പെടുത്താവുന്നതാണ്. |
| (സി) | ഇത്തരത്തിൽ ദുരുപയോഗം ചെയ്യുന്ന കാർഡുടമകളുടെ എണ്ണം നിലവിൽ എത്ര വരുമെന്നാണ് കണക്കാക്കുന്നത്; ജില്ല തിരിച്ച് വ്യക്തമാക്കുമോ; | (സി) | വിശദാംശങ്ങൾ **അനുബന്ധമായി** ചേർക്കുന്നു. |
| (ഡി) | അഗതി-അനാഥ-വൃദ്ധമന്ദിരങ്ങളിൽ താമസിക്കുന്ന അന്തേവാസികൾക്കുള്ള റേഷൻ വിതരണ പദ്ധതി പ്രകാരം നിലവിൽ കേന്ദ്രത്തിൽ നിന്ന് ഭക്ഷ്യധാന്യ വിഹിതം ലഭിക്കുന്നുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത വിഹിതം ലഭിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ച് വരുന്നുണ്ടെന്ന് വ്യക്തമാക്കുമോ? | (ഡി) | ഉണ്ട്. സംസ്ഥാനത്തെ ക്ഷേമ സ്ഥാപനങ്ങൾ, സർക്കാർ അംഗീകൃത ഹോസ്റ്റൽ, സർക്കാർ അംഗീകൃത അഗതി മന്ദിരങ്ങൾ എന്നിവിടങ്ങളിലെ അന്തേവാസികൾക്ക് ഭക്ഷ്യ ഭദ്രത ഉറപ്പുവരുത്തുന്നതിനായി കേന്ദ്ര സർക്കാരിൽ നിന്നും വെൽഫയർ അലോട്ട്മെന്റ് പ്രകാരം ലഭിക്കുന്ന ഭക്ഷ്യധാന്യങ്ങളാണ് വെൽഫയർ പെർമിറ്റിന്റെ അടിസ്ഥാനത്തിൽ ടി സ്ഥാപനങ്ങൾക്ക് വിതരണം ചെയ്തു വരുന്നത്.<br><br>ഏപ്രിൽ മുതൽ സെപ്റ്റംബർ വരെയും ഒക്ടോബർ മുതൽ മാർച്ച് വരെയും ഉള്ള രണ്ടു പാദങ്ങളിലായി കേന്ദ്രസർക്കാരിൽ നിന്നും വെൽഫയർ അലോട്ട്മെന്റ് പ്രകാരം ലഭിക്കുന്ന ഭക്ഷ്യധാന്യങ്ങളാണ് പ്രസ്തുത വിഭാഗത്തിന് വിതരണം നടത്തേണ്ടത്. നിലവിൽ ഒരു അന്തേ വാസിക്ക് പ്രതിമാസം 15 കി.ഗ്രാം ഭക്ഷ്യധാന്യങ്ങൾ (10.5 കി.ഗ്രാം അരിയും 4.5 കി.ഗ്രാം ഗോതമ്പും) ആണ് അനുവദിക്കുന്നതും നിതരണം നടത്തി വരുന്നതും. ആവശ്യകതയും ഉപയോഗ സാക്ഷ്യപത്രവും യഥാസമയം നൽകിയിട്ടും കഴിഞ്ഞ രണ്ടു വർഷമായി ആദ്യ പാദ അലോട്ട്മെന്റ് മാത്രമേ കേന്ദ്രത്തിൽ നിന്നും അനുവദിച്ചു നൽകുന്നുള്ളൂ. കേന്ദ്രത്തിൽ നിന്നും യഥാ സമയം ഭക്ഷ്യധാന്യങ്ങൾ ലഭിക്കാത്ത സാഹചര്യത്തിൽ മറ്റു വിഹിതത്തിൽ നിന്നും ഭക്ഷ്യധാന്യങ്ങൾ വകമാറ്റി നൽകിക്കൊണ്ട് |

| | | | |
|---|---|---|---|
| | | | ക്ഷേമ സ്ഥാപനങ്ങളുടെ ഭക്ഷ്യ ഭദ്രത സംസ്ഥാനം ഉറപ്പ് വരുത്തുന്നുണ്ട്.<br><br>2024 ഏപ്രിൽ മുതൽ സെപ്റ്റംബർ വരെയുള്ള ഒന്നാം പാദ വെൽഫെയർ അലോട്ട്മെന്റ് ആയി ക്ഷേമ സ്ഥാപനങ്ങൾക്കും സർക്കാർ അംഗീകൃത ഹോസ്റ്റലുകൾക്കും വിതരണം ചെയ്യുന്നതിനായി 390.159 മെ.ടൺ അരിയും 167.211 മെ.ടൺ ഗോതമ്പും കേന്ദ്ര സർക്കാരിൽ നിന്നും അനുവദിച്ചത് സമയബന്ധിതമായി വിട്ടെടുത്ത് വിതരണം നടത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം (21-5-2021 മുതൽ 30/06/2024 വരെ) ,അനർഹമായി മുൻഗണനാ കാർഡുകൾ കൈവശം വച്ചിരിക്കുന്നവർ - അവ സർക്കാർ നിർദ്ദേശപ്രകാരം സ്വമേധയാ സറണ്ടർ ചെയ്തതും ഉദ്യോഗസ്ഥരുടെ പരിശോധന വഴി പൊതു വിഭാഗത്തിലേയ്ക്ക് മാറ്റിയതുമായ കാർഡുകളെ സംബന്ധിച്ച്.

| ക്രമ നം | ജില്ല | സ്വമേധയാ സറണ്ടർ ചെയ്ത കാർഡുകളുടെ എണ്ണം | | പരിശോധനയിലൂടെ കണ്ടെത്തിയ കാർഡുകളുടെ എണ്ണം | | പരാതിയുടെ അടിസ്ഥാനത്തിൽ പൊതുവിഭാഗത്തിലേയ്ക്ക് മാറ്റിയ കാർഡുകളുടെ എണ്ണം | | ആകെ | | ആകെ |
|---|---|---|---|---|---|---|---|---|---|---|
| | | AAY | PHH | AAY | PHH | AAY | PHH | AAY | PHH | AAY+PHH |
| 1 | തിരുവനന്തപുരം | 1283 | 5914 | 2912 | 6537 | 131 | 256 | 4326 | 12707 | 17033 |
| 2 | കൊല്ലം | 1254 | 6457 | 924 | 3480 | 27 | 116 | 2205 | 10053 | 12258 |
| 3 | ആലപ്പുഴ | 1700 | 5838 | 1001 | 2901 | 208 | 376 | 2909 | 9115 | 12024 |
| 4 | പത്തനംതിട്ട | 936 | 3593 | 444 | 1295 | 38 | 41 | 1418 | 4929 | 6347 |
| 5 | കോട്ടയം | 1199 | 4404 | 414 | 1322 | 64 | 127 | 1677 | 5853 | 7530 |
| 6 | ഇടുക്കി | 423 | 1610 | 671 | 4299 | 0 | 1 | 1094 | 5910 | 7004 |
| 7 | എറണാകുളം | 1216 | 8034 | 863 | 4900 | 123 | 529 | 2202 | 13463 | 15665 |
| 8 | തൃശ്ശൂർ | 1231 | 7119 | 801 | 3983 | 97 | 255 | 2129 | 11357 | 13486 |
| 9 | പാലക്കാട് | 1204 | 10616 | 1029 | 4785 | 116 | 617 | 2349 | 16018 | 18367 |
| 10 | കോഴിക്കോട് | 1367 | 9127 | 637 | 2447 | 141 | 2289 | 2145 | 13863 | 16008 |
| 11 | മലപ്പുറം | 2324 | 21517 | 886 | 6773 | 59 | 419 | 3269 | 28709 | 31978 |
| 12 | വയനാട് | 1452 | 2292 | 1231 | 4756 | 168 | 580 | 2851 | 7628 | 10479 |
| 13 | കണ്ണൂർ | 1105 | 6789 | 510 | 2228 | 120 | 484 | 1735 | 9501 | 11236 |
| 14 | കാസർകോട് | 11871 | 48701 | 5257 | 8893 | 955 | 2130 | 18083 | 59724 | 77807 |
| ആകെ | | 28565 | 142011 | 17580 | 58599 | 2247 | 8220 | 48392 | 208830 | 257222 |

സെക്ഷൻ ഓഫീസർ